# എ എൽ പി സ്കൂൾ

## തൃക്കണാപുരം




# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

# ആമുഖം

1929 ൽ ആരംഭിച്ച തൃക്കണാപുരം എ എൽ പി സ്കൂളിന് ഇപ്പോൾ 96 വയസായി. ആയിരക്കണക്കിന് കുട്ടികൾക്ക് അക്ഷരം പകർന്നു നൽകിയ ഈ വിദ്യാലയം തവനൂർ ഗ്രാമ പഞ്ചായത്തിലെ മികച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ മുൻപന്തിയിലാണ്.

പ്രീപ്രൈമറി മുതൽ നാലാം ക്ലാസു വരെ (മലയാളം/ഇംഗ്ലീഷ് മീഡിയം) ഉൾപ്പെടെ 264 കുട്ടികളും ഏഴ് സ്ഥിര അധ്യാപകരും അഞ്ച് താത്ക്കാലിക അധ്യാപകരും ഉൾപ്പെടെ 12 പേരുണ്ട്. കൂടാതെ പ്രീപ്രൈമറി വിഭാഗത്തിൽ ഹെൽപർ പാചകക്കാരി ഉൾപ്പെടെ 14 പേരാണ് സേവനം ചെയ്യുന്നത്. നമ്മുടെ വിദ്യാലയത്തിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും വേണ്ടി ശക്തമായ പിന്തുണയുമായി മാനേജ്മെന്റ്, PTA. SMC, OSA എന്നീ സംവിധാനങ്ങളും പ്രവർത്തിച്ചു വരുന്നു.

2025-26 വിദ്യാഭ്യാസ വർഷം ജൂൺ 2ന് ആരംഭിച്ചു. പുത്തൻ പ്രതീക്ഷകളുമായി കുട്ടികളും അതിലേറെ പ്രതീക്ഷകളുമായി രക്ഷിതാക്കളും വളരെ സന്തോഷത്തോടെയാണ് സ്കൂളിൽ ആദ്യ ദിവസം പ്രവേശിച്ചത്. അവർക്കുവേണ്ടി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി കുട്ടികളുടെ സർവ്വോന്മുഖമായ വികാസത്തെ മുൻനിർത്തിക്കൊണ്ട് സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കുവാൻ എല്ലാവരുടെയും പൂർണ്ണമായ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ലക്ഷ്യങ്ങൾ:-

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു. വിദ്യാഭ്യാസം തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക)
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന പോഷണ പരിപാടികൾ സംഘടിപ്പിക്കുക.
3. എൽ.കെ.ജി. മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ
4. അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

◆

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **ദിനസരികൾ** | | | | |
| | ഭാഷയിലുള്ള രചനാ നൈപുണ്യം | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം മലയാളത്തിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ക്ലാസ് ടീച്ചർ | |
| 2. | **രചനാ ശില്പശാല** | | | | |
| | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് / കവിയരങ്ങ് / രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ്മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർഷിപ്പ് |
| 3. | **എഴുത്തുകാരുമായി** | | | | |
| | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/എഴുത്തു അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്.എം. പി.ടി.എ. | 2000/- സ്പോൺസർഷിപ്പ് |
| 4. | **ഗ്രന്ഥപ്പുര നിറയ്ക്കാം** | | | | |
| | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ഗ്രന്ഥ ശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ 2 പ്രാവശ്യംസ പരിപാടി | എച്ച്.എം. പി.ടി.എ. ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5. | **അഭിനയക്കളരി**<br>ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം. | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | |
| 6. | **അഭിമുഖങ്ങൾ / സെമിനാറുകൾ**<br>സർഗ്ഗശേഷികളുടെ പരിപോഷണം. | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | എച്ച്.എം. ടീച്ചർ | 10000/- (ഒ.എസ്.എ.) |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **ഒഴുക്കോടെ ഇംഗ്ലീഷ്**<br>ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കൽ, ആശയരൂപീകരണം, സർഗ്ഗാത്മക രചനാപരിചയം, സംഭാഷണം, വാക്യഘടന, വാക്യക്രമീകരണം, പരിചയപ്പെടൽ | ലളിതമായ ഇംഗ്ലീഷ് കഥ, കവിത, കടങ്കഥ, വായനാകർഡുകൾ, സ്ട്രിപ്പുകൾ, ചിത്രകഥാ പുസ്തകങ്ങൾ, കഥ, സൂചനാപുസ്തകങ്ങൾ | പ്രതിമാസം | ക്ലാസ് ടീച്ചർ | 5000/- |
| 2. | **ഇംഗ്ലീഷ് അസംബ്ലി**<br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | — |
| 2. | **ഇംഗ്ലീഷ് തിയേറ്റർ**<br>ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനുമുമ്പാകെ അവതരിപ്പിക്കൽ. ഉദാ: Skit, Conversation, Drama, Puppetry, Choreography | പ്രതിമാസ പരിപാടി | എച്ച്.എം. / ഇംഗ്ലീഷ് അധ്യാപകൻ | 2000/- പി.ടി.എ. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. | **ഇംഗ്ലീഷ് കാർണിവെൽ**<br>ഇംഗ്ലീഷ് തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടൽ. | ചിത്രകലകൾക്ക് സംഭാവനം രചിക്കൽ, കടങ്കഥാ നിർമ്മിതി, പദസൂര്യൻ, വിവരണം, വരികൾ കൂട്ടിച്ചേർക്കൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- പ്രതിവർഷം സി.എസ്.ആർ. ഫണ്ട് |
| 5. | **ഗ്രാമർ സ്കൂൾ**<br>വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | മദ്ധ്യാഹ്ന ഇടവേളകളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം 10 ക്ലാസ് | ക്ലാസ് ടീച്ചർ | 5000/- പൂർവ്വവിദ്യാർത്ഥി സംഘടന |
| 6. | **കളിക്കാം... രസിക്കാം...**<br>കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | — |
| 7. | **ക്ലാസിലൊരു ഗ്രന്ഥപുര**<br>ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | — |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **ഗണിതലാബ് സജ്ജീകരിക്കൽ**<br><br>ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽവെച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാ-നുസരണം. | എസ്. ആർ.ജി. ഗണിതക്ലബ്ബ് | – |
| 2. | **ചതുഷ്ക്രിയാ പരിചയം**<br>ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യൽ | സംഖ്യാ പദപ്രശ്നം, സംഖ്യാകല, പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം, ഭാഗംവെക്കൽ, ഇരട്ടി കണ്ടെത്തൽ, പാറ്റേൺ നിർമ്മിതി, സംഖ്യാസൂര്യൻ | പ്രതിദിന പരിപാടി | ക്ലാസ്ടീച്ചർ | – |
| 3. | **പഠനോപകരണ നിർമ്മിതി**<br><br>ഗണിതാവബോധം വർദ്ധിപ്പിക്കൽ, ജാമിതീയ രൂപ പരിശീലനം | വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മിതി. | 2 മാസം | ക്ലാസ്ടീച്ചർ<br>പി.ടി.എ. | 3000/- |
| 4. | **കളിച്ചും ചിരിച്ചും കണക്ക്**<br>ഐ.ടി. സാധ്യതകളിലൂടെ ഗണിതപഠനം ഹൃദ്യസ്ഥമാക്കൽ (കളിപ്പെട്ടി) | എല്ലാ ആഴ്ചകളിലും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പരിശീലനം (കളിപ്പെട്ടി) മനഃക്കണക്കിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ നൽകൽ | ആഴ്ചയിലും<br><br>എല്ലാ ദിവസവും | ക്ലാസ്ടീച്ചർ | – |

# ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **ശാസ്ത്രപോഷണ പരിപാടി**<br>ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ്, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/-<br>എസ്.എസ്.ജി. |
| 2. | **പ്രതിഭകളെ കണ്ടെത്താം**<br>പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ഒഴിവുസമയം | ക്ലാസ്ടീച്ചർ | 5000/-<br>സ്പോൺസർഷിപ്പ് |
| 3. | **ശാസ്ത്രായനം**<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 2 യാത്രകൾ | സയൻസ്ക്ലബ്ബ്, പി.ടി.എ. | 15000/-<br>പി.ടി.എ. |
| 4. | **മേളകൾ**<br>ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ 1 പ്രാവശ്യം | സയൻസ്ക്ലബ്ബ് | 10000/- |
| 5. | **ശാസ്ത്രലാബ്**<br>ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ ശാസ്ത്രലാബ് ക്രമീകരിക്കൽ. കുട്ടികൾക്ക് സ്വയം പരിശീലനം ചെയ്യാനാവുംവിധം ലാബ് ക്രമീകരിക്കുക. | ആവശ്യാ-നുസരണം | ക്ലാസ് ടീച്ചർ | 5000/- |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | **ശാസ്ത്ര ലൈബ്രറി**<br>ശാസ്ത്രീയ അവബോധം വർദ്ധിപ്പിക്കുന്നതിന്. | ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ശേഖരം, ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ ഗ്യാലറി, മോഡലുകൾ, വർക്കിംഗ് മോഡലുകൾ, സ്റ്റിൽ മോഡലുകൾ, | ആവശ്യാ-നുസരണം | ക്ലാസ്ടീച്ചർ | 10000/- |
| 7. | **പരിസ്ഥിതി ലാബ്**<br>പരിസ്ഥിതി ജ്ഞാനം സ്വായത്തമാക്കുന്നതിന് | ക്ലാസ് മുറിയിലെ ഒരു മൂലയിൽ പരിസ്ഥിതി ലാബ്, ശേഖരണങ്ങൾ, ചാർട്ടുകൾ | ആവശ്യാ-നുസരണം | ക്ലാസ്ടീച്ചർ | 5000/- |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **വരയ്ക്കാം നിറം നൽകാം**<br>ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധികാലത്ത് 5 ദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യവേനൽ അവധിക്കാലം (5 ദിവസം) | എസ്.ആർ.ജി. | 10000/-<br>എസ്.ഡി.സി. |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **കായിക പരിശീലനം**<br>കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ 3 ദിവസം | അദ്ധ്യാപകൻ | |

# കലാവിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **പാവനാടക പരിശീലന ശിൽപശാല**<br>കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കുവാനുള്ള പരിശീലനവും ആയതിന്റെ അവതരണവും. | വർഷത്തിൽ 1 പ്രാവശ്യം | എസ്.എസ്.ജി. | 5000/- |
| 2. | **ബാലവാണി**<br>അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽനിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം. കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം. ഔദ്യോഗിക അറിയിപ്പുകൾ നൽകൽ. | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്.ആർ.ജി. | 25000/-<br>വ്യവസായഗ്രൂപ്പ് സ്പോൺസർഷിപ്പ് |
| 3. | **ദിനാചരണങ്ങൾ**<br>വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാ-നുസരണം | | |
| 4. | **ഒറിഗാമി ശില്പശാല**<br>രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൾ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. | 1000/-<br>പി.ടി.എ. |

# അക്കാദമികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **മെഡിക്കൽ ക്യാമ്പ്**<br>ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ 1 വീതം | എച്ച്.എം.<br>പി.ടി.എ. | 10000/-<br>പി.ടി.എ. |
| 2. | **മണ്ണ് പൊന്നാക്കാം**<br>കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടമുണ്ടാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി.<br>എസ്.എസ്.ജി. | 5000/-<br>കൃഷിവകുപ്പ് |
| 3. | **ജൈവവൈവിധ്യ പാർക്ക്**<br>പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. | 25000/-<br>എസ്.എസ്.എ<br>പി.ടി.എ.<br>മാനേജർ |
| 4. | **ക്ലാസ് പി.ടി.എ. സജീവമാക്കൽ**<br>കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ. കൃത്യമായ അജണ്ടവെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ ഉണ്ടാകണം. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | – |
| 5. | **സമീകൃതാഹാരം**<br>ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം.<br>പി.ടി.എ. | 50000/-<br>സി.എസ്.ആർ. ഫണ്ട് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | **വരയും കുറിയും**<br>വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങളിലൂടെയും ലഘുവിവരങ്ങളിലൂടെയും രേഖപ്പെടുത്തി പുസ്തകമാക്കുന്നു. | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. അദ്ധ്യാപകൻ | 10000/- പി.ടി.എ. |
| 7. | **ജന്മദിനത്തിനൊരു പുസ്തകം**<br>ക്ലാസ് ലൈബ്രറിയുടെ നവീകരണം. | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | |
| 8. | **വർക്ക് ഷീറ്റ് നിർമ്മിക്കൽ**<br>ബാല സാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചുകഴിഞ്ഞ ബാലസാഹിത്യ വാരികകളിലെയും മാസികകളിലെയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി. | |
| 9. | **ചരിത്രകലണ്ടർ**<br>ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ട് പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയ്യതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയ്യതിക്കുതാഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും | പ്രതിദിനം | എസ്.ആർ.ജി. | – |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 10 | **50 കവികൾ 50 കവിതകൾ**<br>കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരം ഒരുക്കൽ. | 50 കുട്ടികൾക്ക് 50 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്കുലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയെ ലഘുജീവിത ചരിത്രവും തയ്യാറാക്കണം. പുസ്തക രൂപത്തിൽ ഇതു പ്രസിദ്ധീകരിക്കാം. | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | 10000/- പി.ടി.എ. |
| 11. | **പുട്ടും കടലയും**<br>കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽനിന്ന് ചോദിച്ചറിയണം. ഓരോന്നും പാചകം ചെയ്യുന്ന വിധം, അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | |
| 12. | **രുചിയുടെ കാണാപ്പുറം**<br>ഫാസ്റ്റ്ഫുഡിലെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽനിന്നും വാങ്ങുന്നതും, വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ്ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. | |

# ഭൗതികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **ചുറ്റുമതിൽ**<br>സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | 1 വർഷം | പി.ടി.എ.<br>എൽ.എസ്.ജി.ഡി. | 10 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |
| 2. | **കവാടം, പടിപ്പുര**<br>സ്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ | 1 വർഷം | പി.ടി.എ.<br>എൽ.എസ്.ജി.ഡി. | 3 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |
| 3. | **കിഡ്സ് പാർക്ക്**<br>ആരോഗ്യ - കായിക - വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. | രണ്ടു വർഷം | പി.ടി.എ.<br>എൽ.എസ്.ജി.ഡി. | 65 ലക്ഷം<br>എം.എൽ.എ ഫണ്ട് |
| 4. | **ഓഫീസ് ഡിജിറ്റലൈസേഷൻ**<br>വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, അറ്റന്റൻസ് രജിസ്റ്റർ, ടി.സി. രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കലും | 3 വർഷം | എച്ച്.എം.<br>എസ്.ആർ.ജി.<br>കൺവീനർ | – |
| 5. | **മാലിന്യ സംസ്കരണം**<br>ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി. | 1 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |
| 6. | **ടൂൾകിറ്റ്, പണിയായുധങ്ങൾ**<br>കൃഷി, അറ്റകുറ്റപണി, തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറികൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ.<br>സ്റ്റാഫ് സെക്രട്ടറി | 10000/-<br>പി.ടി.എ. |

# സാമൂഹികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | **ഓർമ്മകൾ പുതുക്കാം**<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾഅവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | എസ്.എസ്.ജി., ഒ.എസ്.എ. | 5000/- ഒ.എസ്.എ. |
| 2. | **അങ്കണവാടി കലോൽസവം**<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം. | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ. | 10000/- സ്പോൺസർഷിപ്പ് |
| 3. | **വായനാക്കൂട്ടം**<br>വിദ്യാലയവിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാ തൽപരർ എന്നിവക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ. നല്ല വായനക്കാരനെ ആദരിക്കൽ. | ആവശ്യാ- നുസരണം | ലൈബ്രേറിയൻ | – |
| 4. | **പി.ടി.എ./എം.പി.ടി.എ. സർഗ്ഗോത്സവം**<br>അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക | പി.ടി.എ., മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്കുവേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ. കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ. എം.പി.ടി.എ. എസ്.ആർ.ജി. | 10000/ പി.ടി.എ. ഫണ്ട് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5. | **സ്കൂൾ കലണ്ടർ**<br>സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ. | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | 10000/ (പരസ്യം) |
| 6. | **കാരണവർക്കൂട്ടം**<br>വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയപരിസരത്ത് താമസിക്കുന്ന 80 വയസ്സിനുമകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ 1 പ്രാവശ്യം | ഒ.എസ്.എ. എസ്.ആർ.ജി. | |
| 7. | **ഹരിതഗ്രാമം**<br>ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമരങ്ങൾ വെച്ചുപിടിപ്പിക്കൽ. അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ സമീപത്തെ ക്ലബ്ബുകൾ, വായന ശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ. സ്കൂൾ പാർലമെന്റ് | 10000/ (സംഭാവന) |

# അറബിക്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം:<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന:<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* അക്ഷര റൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ റൈമിലൂടെ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ | ബി.ആർ.സി<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | വായനാ ലോകം<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>2. ക്ലാസ്സ് വായന:<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും കമ്പ്യൂട്ടർ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* കമ്പ്യൂട്ടർ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |

| | | | | | |
|---|---|---|---|---|---|
| 5 | പദപരിചയം<br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഒരു പദം പരിചയപ്പെടാം അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിസവും രാവിലെ<br><br>പ്രാർത്ഥനക്ക ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്ന.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്ന.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കക..<br><br>എല്ലാ വിദ്യാർത്തികളും എഴുതിയെടുക്കകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്ന.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കന്ന | 1 വർഷം | മൈക്ക് | |
| 6 | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ അറബിക് കറിപ്പുകൾ വായിക്കക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർശനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br>ലക്ഷ്യം:<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഅ) എഴുത്തുകളാണ.<br>* ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്ന തന്നെ കട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | കമ്പ്യൂട്ടർ | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്റുകൾ നിർമ്മിക്കുന്നു. (ഗ്രൂപ്പ് പ്രവർത്തനം) | 1 വർഷം | | |

**ഉപസംഹാരം**

ആധുനിക സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.